# കേരള കാർഷിക സർവ്വകാലശാല

## കാർഷിക കോളേജ്, പടന്നക്കാട്

നം.ഇ2-7861/2023 തീയ്യതി: 27.11.2024

### ടെൻഡർ പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ പ്രവർത്തിച്ചു വരുന്ന നാളികേര മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന റിവോൾവിങ് ഫണ്ട് പദ്ധതികളുടെ ഭാഗമായി (1) നടുവിൽപ്പള്ളി (2) അഴിത്തല (3) മാവിലാക്കടപ്പുറം എന്നീ ഭാഗങ്ങളിൽ ഓരോ സ്ഥലത്തും ഏകദേശം 400 മുതൽ 650 എണ്ണം തിരഞ്ഞെടുത്ത തെങ്ങുകളിൽ പോളിനേഷൻ ജോലികൾ ചെയ്യുന്നതിന് മുൻ പരിചയവും സന്നദ്ധതയുമുള്ള വ്യക്തികളിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതിയും സമയവും | 13.12.2024 3 മണി |
| ടെൻഡർ തുറക്കുന്ന തീയ്യതിയും സമയവും | 13.12.2024 3.30 മണി |
| ടെൻഡർ കാലാവധി | ടെൻഡർ സ്വീകരിക്കുന്ന തീയ്യതി മുതൽ 2025 മെയ് 31 വരെ |
| ടെൻഡർ ഫീസ് | 1500 + ജിഎസ്ടി 18% |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് - 671314 |
| നിരതദ്രവ്യം | 10000/- |
| പുറത്തെഴുത്ത് | പോളിനേഷൻ ജോലി ചെയ്യുന്നതിനുള്ള ടെൻഡർ |

നിബന്ധനകൾ

1. 45 തെങ്ങുകളുടെ പോളിനേഷൻ ജോലികൾക്ക് ഒരാൾ എന്ന കണക്കിൽ ഒരു ദിവസം പോളിനേഷൻ ജോലി ചെയ്യുന്നതിനുള്ള നിരക്ക് ടെൻഡറിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്. കെ.എ.യു. വെബ്സൈറ്റിൽ (www.kau.in/tenders) നിന്നും എടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സീൽ ചെയ്ത് സമർപ്പിച്ചിരിക്കണം.
2. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡറുകാരന്റെ ടെൻഡർ സ്വീകരിക്കുന്നതും ടിയാൻ ഉത്തരവ് കൈപറ്റി 5 ദിവസത്തിനുള്ളിൽ ജോലി ആരംഭിക്കേണ്ടതുമാണ്. നിശ്ചയിക്കപ്പെടുന്ന തുക സെക്യൂരിറ്റി നിക്ഷേപമായി ഒടുക്കേണ്ടതുമാണ് (നിരതദ്രവ്യമായി സമർപ്പിച്ച തുക ഉൾപ്പെടെ).
3. ടെൻഡറിനോടൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. കരാറിന്റെ മാതൃക കെ.എ.യു വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.
4. പോളിനേഷൻ ജോലികൾക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളികൾക്ക് പരിശീലനം ആവശ്യമായി വരികയാണെങ്കിൽ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പരിശീലനത്തിനു വേണ്ട യാതൊരുവിധ ചിലവും ബാധ്യതയും കേന്ദ്രം വഹിക്കുന്നതല്ല.
5. കരാറുകാരന് അയാളുടെ കൂലിക്കുള്ള അവകാശത്തിനും പുറമേ സർവ്വകലാശാലയുടെ കീഴിൽ ഭാവിയിൽ യാതൊരുവിധ നിയമനത്തിനുള്ള അവകാശവും ഉന്നയിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
6. പോളിനേഷൻ നടത്തുന്ന സമയത്തുണ്ടാകുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഈ കേന്ദ്രത്തിനു യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. സ്ഥാവരജംഗമ വസ്തുക്കൾക്കും കർഷകരുടെ തെങ്ങുകൾക്കും ടെൻഡർ കാലയളവിൽ യാതൊരുവിധ കേടുപാടും സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ ടെൻഡറുകാരൻ ഉത്തരവാദി ആകുന്നതും നഷ്ടം നികത്തേണ്ടതുമാണ്.
7. പോളിനേഷൻ ജോലിക്ക് ആവശ്യമായ സാധന സാമഗ്രികൾ ഈ കേന്ദ്രത്തിൽ നിന്നും നൽകുന്നതായിരിക്കും.

8. ജോലിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ ടെൻഡറുകാരൻ ഉറപ്പാക്കേണ്ടതാണ്. ഓരോ തൊഴിലാളിക്കും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഒരു വർഷത്തെ പേർസണൽ ആക്സിഡന്റ് പ്രീമിയം അടച്ചതിന്റെ രേഖയും ഉണ്ടെന്ന് ടെൻഡറുകാരൻ ഉറപ്പാക്കേണ്ടതാണ്.
9. ടെൻഡറിൽ വിജയിക്കുന്ന കരാറുക്കാർ കരാറിന്റെ കൃത്യമായ പരിപാലനത്തിനായി 200 രൂപ വിലയുള്ള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി സ്ഥാപന മേധാവിയുമായി ഒരു അന്തിമ കരാറിൽ ഒപ്പു വെയ്ക്കേണ്ടതാണ്.
10. താമസിച്ചു ലഭിച്ചതോ, വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതോ ആയ ടെൻഡറുകൾ തിരസ്കരിക്കുന്നതാണ്. ടെൻഡർ സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
11. സർക്കാർ ടെൻഡറിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 3 മണിവരെ ടെൻഡർ സ്വീകരിക്കുന്നതും 3.30 ന് തുറന്ന് പരിശോധിക്കുന്നതുമാണ്.
12. ജോലി തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ അവസാനിപ്പിക്കുന്നതാണ്.
13. ഓരോ മാസവും ജോലി ചെയ്യുന്ന മുറയ്ക്ക് ബില്ല് ഹാജരാക്കിയാൽ പ്രതിഫലം ചെക്ക് മുഖേനയോ ബാങ്ക് അക്കൗണ്ടിലൂടെയോ നൽകുന്നതായിരിക്കും.
14. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾ അനുസരിച്ച് ആദായ നികുതി 1% ഈടാക്കുന്നതായിരിക്കും. ഇതിനായി കരാറുകാരന് പാൻ കാർഡ് ഉണ്ടായിരിക്കണം.
15. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ (ഓഫീസ്) : 0467 2280616, ഡോ. സുജാത ആർ, അസോസിയേറ്റ് ഡയറക്ടർ, കോക്കനട്ട് മിഷൻ : 9495981544

ഒപ്പ്/-

ഡോ.ടി സജിതാ റാണി

ഡീൻ

പകർപ്പ്:-

1. നോട്ടീസ് ബോർഡ്, കാർഷിക കോളേജ് പടന്നക്കാട്
2. പടന്നക്കാട്/ നീലേശ്വരം ഇൻസ്ട്രക്ഷണൽ ഫാം
3. കാഞ്ഞങ്ങാട്/നീലേശ്വരം മുൻസിപ്പൽ ഓഫീസ്
4. നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത് വില്ലേജ് ഓഫീസ്
5. കെ.എ.യു. വെബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ